പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1224 | 7.06.2018-ൽ മറുപടിക്ക്

## റോഡ് വികസനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ. ശശി : | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| (എ) റോഡ് വികസനത്തിന്റെ ഭാഗമായി ദേശീയപാത നാലുവരിയാക്കുന്നതിന്റെ പ്രവർത്തനപുരോഗതി വ്യക്തമാക്കുമോ; | (എ) കേരളത്തിലെ ദേശീയപാതകളിൽ തലപ്പാടി മുതൽ ഇടപ്പള്ളി വരെയും ചേർത്തല മുതൽ തിരുവനന്തപുരം വരെയുമുള്ള ദേശീയപാത (എൻ.എച്ച് 66) 45 മീറ്റർ റൈറ്റ് ഓഫ് വേയിൽ 4/6 വരിപ്പാതയായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇതിന്റെ ചുമതല നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യയ്ക്കാണ്. വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കൽ അവസാനഘട്ടത്തിലാണ്. തലപ്പാടി മുതൽ ചെങ്ങള വരെയും, ചെങ്ങള മുതൽ നീലേശ്വരം വരെയും കഴക്കൂട്ടം ഫ്ളൈ ഓവറിന്റെയും ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. സ്ഥലം ലഭ്യമായിട്ടുള്ള കോഴിക്കോട്, തലശ്ശേരി-മാഹി എന്നീ ബൈപാസ്സുകളുടേയും, നീലേശ്വരം ആർ.ഒ.ബിയുടേയും നിർമ്മാണ നടപടികൾ തുടങ്ങിയിട്ടുണ്ട്. സ്ഥലമെടുപ്പിനുള്ള നോട്ടിഫിക്കേഷൻ നടപടികൾ പുരോഗമിച്ചു വരുന്ന മറ്റ് ഭാഗങ്ങളിൽ 3(എ) നോട്ടിഫിക്കേഷൻ പൂർത്തീകരിച്ചാലുടൻ ടെണ്ടർ നടപടികൾ നടത്തുന്നതായിരിക്കും. |
| (ബി). ഏതെല്ലാം സംസ്ഥാന ദേശീയ പാതകളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്നും ഇവയിൽ നാലുവരി പാതയാക്കുന്ന പ്രവർത്തനം ഏതെല്ലാം ദേശീയപാതകളിൽ പൂർത്തിയായിയെന്നും ഏതെല്ലാം | (ബി) എൻ.എച്ച് 85 (പഴയ എൻ.എച്ച് 49) കുണ്ടന്നൂർ മുതൽ മൂന്നാർ വരെയുള്ള ദേശീയപാത ഇക്കണോമിക് കോറിഡോറായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ |

| | | | |
|---|---|---|---|
| | പാതകളിൽ പ്രവൃത്തികൾ നടന്നുവരുന്നുവെന്നും ഇനി തുടങ്ങാനുള്ള പ്രവൃത്തികൾ ഏതെല്ലാമെന്നും ദേശീയപാതകൾ തിരിച്ച് വിശദാംശം ലഭ്യമാക്കുമോ; | | വഴിയാണ് നടപ്പാക്കുന്നത്<br>എൻ.എച്ച് 966 (പഴയ എൻ.എച്ച് 213) കോഴിക്കോട് മുതൽ പാലക്കാട് വരെ നാലുവരിപ്പാതയായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ വഴിയാണ് നടപ്പാക്കുന്നത്<br>എൻ.എച്ച് 744 (പഴയ എൻ.എച്ച് 208) കൊല്ലം മുതൽ കഴുതുരുത്തി വരെ നാലുവരിപ്പാതയായി വികസിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത പ്രവൃത്തി നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇൻഡ്യ വഴിയാണ് നടപ്പാക്കുന്നത്. കൂടാതെ എൻ.എച്ച് 49 (പുതിയത് നം, 85), എൻ.എച്ച് 212 (പുതിയത് നം, 766), എൻ.എച്ച് 220 (പുതിയത് നം, 183), എൻ.എച്ച് 183 എ, എൻ.എച്ച് 185 എന്നീ ദേശീയപാതകൾ പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ടുവരിപ്പാതയായി വികസിപ്പിക്കുന്നതിലേയ്ക്കുള്ള ഡി.പി.ആർ പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കി വരികയാണ്. |
| (സി) | ഈ സർക്കാരും പൊതുമരാമത്തു വകുപ്പും നടത്തിയ നിർമ്മാണ പ്രവൃത്തികളിലെ പുത്തൻ ആശയങ്ങളും, പരീക്ഷണാത്മകവും നവീനവുമായ നിർമ്മാണപ്രവർത്തനങ്ങളും ഒപ്പം സുതാര്യവും അഴിമതിരഹിതമായ നിർവ്വഹണ രീതികളും അതുവഴി ഉദ്ദേശിക്കുന്ന അഭിമാനാർഹമായ പ്രവൃത്തികളും എന്ത് എന്ന് വ്യക്തമാക്കുമോ? | (സി) | ദേശീയ പാത വികസനങ്ങൾ Engineering Procurement Construction വ്യവസ്ഥയിലായതിനാൽ ഗുണനിലവാരവും സുതാര്യതയും അഴിമതി രഹിതവും ആക്കുവാൻ സാധിച്ചിട്ടുണ്ട്. |

S. Bindu

സെക്ഷൻ ഓഫീസർ